**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3801 17.12.2015-ൽ മറുപടിയ്ക്ക്**

## വാമനപുരം -സ്കൂളുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോലിയക്കോട്.എൻ.കൃഷ്ണൻനായർ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ; | (എ) & (ബി) കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെ 'രാജീവ് ഗാന്ധി ഖേൽ അഭിയാൻ' (RGKA) പ്രകാരം 6-7 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ഒരു ബ്ലോക്കിന് ഒരു സ്പോർട്സ് കോംപ്ലക്സ് എന്ന പദ്ധതി നിലവിലുണ്ട്. ഔട്ട്ഡോർ സ്പോർട്സ് കോംപ്ലക്സിന് 80 ലക്ഷം രൂപയും പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഡോർ സ്പോർട്സ് ഹാളിന് 80 ലക്ഷം രൂപയും എന്ന ക്രമത്തിൽ മൊത്തം 1,60,00,000/- രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിയ്ക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന ധനസഹായം 75:25 എന്ന അനുപാതത്തിൽ ലഭിക്കുന്നതാണ്. |
| (ബി) ഓരോ സ്കൂളിനും പ്രസ്തുത ആവശ്യത്തിലേക്കായി നൽകുന്ന പരമാവധി തുക എത്രയാണെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷ സമർപ്പിക്കുന്നതിനെ സംബന്ധിച്ചുമുള്ള പൂർണ്ണമായ വിവരങ്ങളും ലഭ്യമാക്കുമോ ; | RGKA പദ്ധതിയിൽ ഉൾപ്പെടുത്തി സ്പോർട്സ് കോംപ്ലക്സ് നിർമ്മിയ്ക്കുന്നതിനായി 6-7 ഏക്കർ സ്ഥലം ലഭ്യമല്ലെങ്കിൽ ബ്ലോക്ക് പരിധിയിലുള്ള സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജ് കളിസ്ഥലങ്ങൾ, സ്കൂൾ/കോളേജ് എന്നിവയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കേണ്ടത്. കൂടാതെ കായിക യുവജനകാര്യ വകുപ്പ് സ്മൈൽ പദ്ധതി പ്രകാരം സ്കൂളുകളിൽ കളിസ്ഥലം നിർമ്മിച്ച് നൽകി വരുന്നു. സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി അപേക്ഷാ ഫോറം www.dsyakerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ, കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ നിന്നോ ലഭിക്കുന്നതാണ്. കളിസ്ഥല നിർമ്മാണത്തിന്റെ ആവശ്യകത (സ്കൂളിനാവശ്യമുള്ളത് എന്താണ്) അനുസരിച്ചാണ് തുക നിശ്ചയിക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമായ അപേക്ഷകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നു. കമ്മിറ്റി അംഗീകരിക്കുന്നവയ്ക്ക് സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് സ്റ്റേഡിയം പണിത് നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം കളിസ്ഥലങ്ങളും ഇൻഡോർ സ്റ്റേഡിയങ്ങളും നി ർ മ്മിച്ചു നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (സി) | വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് RGKA പദ്ധതി പ്രകാരം കളിസ്ഥലങ്ങളും, ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിച്ചു നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത ആവശ്യത്തിലേയ്ക്കായി വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; ആയതിന് തുക അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | വാമനപുരം മണ്ഡലത്തിൽപ്പെടുന്ന ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കല്ലറ, നെല്ലനാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷ ബഹു. കായിക വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടൻ സംസ്ഥാനതല സമിതി യോഗം ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കഴിയുന്നതാണ്. |

Mary M

**സെക്ഷൻ ഓഫീസർ**